പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 287

# 2021-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 22-02-2021

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 287

# 2021-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 287

# 2021-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

## 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തി രണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ദീർഘ ശീർഷകത്തിന്റെ ഭേദഗതി.—1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (1989-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘ ശീർഷകത്തിൽ, "കൈത്തറിത്തൊഴിലാളികൾക്കും" എന്ന വാക്കിന് പകരം "കൈത്തറിത്തൊഴിലാളികൾക്കും യന്ത്രത്തറി തൊഴിലാളികൾക്കും" എന്നും "കൈത്തറിവ്യവസായത്തിൽ" എന്ന വാക്കുകൾക്ക് പകരം "കൈത്തറി-യന്ത്രത്തറി വ്യവസായത്തിൽ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ പീഠികയിൽ "കേരള സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾക്കും കൈത്തറി വ്യവസായത്തിൽ" എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാനത്തെ കൈത്തറി-യന്ത്രത്തറി തൊഴിലാളികൾക്കും കൈത്തറി-യന്ത്രത്തറി വ്യവസായത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>1-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 1-ാം വകുപ്പ്, (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഈ ആക്റ്റിന് 1989-ലെ കേരള കൈത്തറിത്തൊഴിലാളികളുടെയും യന്ത്രത്തറിത്തൊഴിലാളികളുടെയും ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം".

5. <u>2-ാം വകുപ്പിനുള്ള ഭേദഗതി,</u>—പ്രധാന ആക്റ്റിന്റെ 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) "ബോർഡ്" എന്നാൽ 6-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട പ്രകാരമുള്ള "കേരള കൈത്തറി-യന്ത്രത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്നർത്ഥമാകുന്നു.

(ii) (ഡി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) "വ്യാപാരി" എന്നാൽ, നൂലോ, കൈത്തറി തുണിയോ, യന്ത്രത്തറി തുണിയോ മറ്റേതെങ്കിലും കൈത്തറി-യന്ത്രത്തറി ഉല്പന്നമോ വാങ്ങുകയോ വില്ക്കുകയോ അല്ലെങ്കിൽ വിൽക്കുന്നതിനുവേണ്ടി ശേഖരിച്ചുവയ്ക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു";

(iii) (എഫ്) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) "തൊഴിലുടമ" എന്നാൽ തനിക്കുവേണ്ടിയോ മറ്റേതെങ്കിലും ആൾക്ക് വേണ്ടിയോ കൈത്തറി വ്യവസായത്തിലെയും യന്ത്രത്തറി വ്യവസായത്തിലെയും വിവിധ പ്രക്രിയകളോടനുബന്ധിച്ചുള്ള ഏതെങ്കിലും ജോലി ചെയ്യുന്നതിനുവേണ്ടി ഒന്നോ അതിലധികമോ കൈത്തറി തൊഴിലാളികളെയും യന്ത്രത്തൊഴിലാളികളെയും നേരിട്ട് നിയമിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു" ;

(iv) (ജി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) "കുടുംബം" എന്നാൽ കൈത്തറിത്തൊഴിലാളിയുടെയോ യന്ത്രത്തറി തൊഴിലാളിയുടെയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുടെയോ ഭാര്യ, അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കളും അവിവാഹിതരായ

പെൺമക്കളും കൈത്തറിത്തൊഴിലാളിയെയോ യന്ത്രത്തറിത്തൊഴിലാളിയെയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ട ആളെയോ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും എന്നർത്ഥമാകുന്നു";

(v) (എച്ച്) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) "നിധി" എന്നാൽ 3-ാം വകുപ്പിലും പദ്ധതിയിലും പരാമർശിക്കപ്പെട്ട പ്രകാരമുള്ള "കൈത്തറിത്തൊഴിലാളി യന്ത്രത്തറിത്തൊഴിലാളി ക്ഷേമനിധി" എന്നർത്ഥമാകുന്നു";

(vi) (ഐ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐ) " കൈത്തറി-യന്ത്രത്തറി ഉല്പന്നങ്ങൾ" എന്നതിന് പരുത്തിനൂല്, പോളിസ്റ്റർ നൂല്, സിൽക്ക് നൂല് അല്ലെങ്കിൽ മറ്റേതെങ്കിലും സമ്മിശ്രനൂല് എന്നിവയിൽ നിന്ന് കൈത്തറിയിലോ, യന്ത്രത്തറിയിലോ നെയ്തിട്ടുള്ള എല്ലാ തരത്തിലുമുള്ള തുണികൾ എന്നർത്ഥമാകുന്നു";

(vii) (എൽ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എൽഎ) "യന്ത്രത്തറി തൊഴിലാളി" എന്നതിന് യന്ത്രത്തറി വ്യവസായത്തിലെ വിവിധ പ്രക്രിയകളോടനുബന്ധിച്ചുള്ള ഏതെങ്കിലും ജോലി ചെയ്യുന്നതിന് വേതനത്തിൻമേൽ നിയമിക്കപ്പെട്ടിരിക്കയും തൊഴിലുടമയിൽ നിന്നോ വ്യാപാരിയിൽ നിന്നോ യന്ത്രത്തറി ഉല്പന്നങ്ങളുടെ ഉൽപ്പാദകരിൽ നിന്നോ നേരിട്ടോ അല്ലാതെയോ തന്റെ വേതനം പറ്റുകയും ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും, അതിൽ ഒരു കോൺട്രാക്ടറിനാലോ കോൺട്രാക്ടർ മുഖേനയോ, ഏജന്റ് മുഖേനയോ നിയമിക്കപ്പെടുകയും തന്റെ ഉപജീവനത്തിനായി പ്രധാനമായും യന്ത്രത്തറി വ്യവസായത്തെ ആശ്രയിച്ചുകഴിയുകയും ചെയ്യുന്ന ഏതൊരാളും ഉൾപ്പെടുന്നതുമാകുന്നു.

വിശദീകരണം.—ഈ ആക്റ്റിന്റെ ആവശ്യത്തിനായി ഒരാൾ ഒരു യന്ത്രത്തറി തൊഴിലാളിയാണോ അല്ലയോ എന്ന പ്രശ്നം ഉണ്ടാകുകയാണെങ്കിൽ ആ പ്രശ്നം സർക്കാരിനോ, ഹാൻഡ് ലൂം ഡയറക്ടർക്കോ അല്ലെങ്കിൽ ഇതിലേയ്ക്കായി സർക്കാർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ റഫർ ചെയ്യേണ്ടതും അതിന്മേലുള്ള അവരുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്;"

(viii) (എൻ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(എൻ) "കൈത്തറി-യന്ത്രത്തറി വ്യവസായത്തിലെ പ്രക്രിയകൾ" എന്നതിന് താരുചുറ്റൽ, പാവോട്ടം, പശപിടിപ്പിക്കൽ, നെയ്ത്ത് എന്നിവയും ഞെരുടി ചേർക്കൽ, ചായം പിടിപ്പിക്കൽ എന്നിവപോലെയുള്ള മറ്റു ജോലികളും എന്നർത്ഥമാകുന്നു" ;

(ix) (ഒ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഒ) "ഉല്പാദകൻ " എന്നതിന് കയറ്റുമതിക്കോ ആഭ്യന്തര ഉപഭോഗത്തിനോ വേണ്ടി കൈത്തറി ഉല്പന്നങ്ങളോ യന്ത്രത്തറി ഉല്പന്നങ്ങളോ സംസ്കരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ആൾ എന്നർത്ഥമാകുന്നു".

(x) (ആർ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ആർ) "സ്വന്തമായി തൊഴിലിൽ ഏർപ്പെട്ട ആൾ എന്നാൽ ഒരു തൊഴിലുടമയുടെ കീഴിൽ അല്ലാതെ കൈത്തറിയിലോ, യന്ത്രത്തറിയിലോ നെയ്തെടുക്കുന്ന തുണിയുടെ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നതും, അതിൽ തന്റെ ഉപജീവനത്തിനുവേണ്ടി പ്രധാനമായും കൈത്തറി വ്യവസായത്തേയോ യന്ത്രത്തറി വ്യവസായത്തേയോ ആശ്രയിക്കുന്നവരായ താരു ചുറ്റുന്ന ആൾ, പാവ് ചുറ്റുന്ന ആൾ, പശ പിടിപ്പിക്കുന്ന ആൾ, ഞെരടിച്ചേർക്കൽ, ചായം പിടിപ്പിക്കൽ എന്നിവ ഉൾപ്പെടെ അനുബന്ധ ജോലി ചെയ്തു വരുന്ന ആൾ എന്നിവർ ഉൾപ്പെടുന്നതും, എന്നാൽ രണ്ടിലധികം തറികളുടെ ഉടമ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(xi) (എസ്) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എസ്) 'നൂല് ' എന്നതിന് പരുത്തി നൂല്, സിൽക്ക് നൂല്, പോളിസ്റ്റർ നാര് അല്ലെങ്കിൽ കൈത്തറി വ്യവസായത്തിലോ യന്ത്രത്തറി വ്യവസായത്തിലോ നെയ്ത്തിന് ഉപയോഗിക്കാവുന്ന മറ്റേതെങ്കിലും സമ്മിശ്രനാര് എന്നർത്ഥമാകുന്നു;

6. <u>3-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2021-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള പദ്ധതി 'കേരള കൈത്തറിത്തൊഴിലാളികളുടെയും യന്ത്രത്തറിത്തൊഴിലാളികളുടെയും ക്ഷേമനിധി പദ്ധതി' എന്ന പേരിൽ വിളിക്കപ്പെടുന്നതും, പ്രസ്തുത ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള 'നിധി' യന്ത്രത്തറി തൊഴിലാളികളുടെയും യന്ത്രത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെയും ക്ഷേമത്തിനായി ഉപയോഗിക്കാവുന്നതുമാണ്.

(ബി) (4)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ (ii)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) 2021-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് പത്ത് വർഷത്തിൽ കുറയാത്ത കാലം യന്ത്രത്തറിത്തൊഴിലാളിയോ, യന്ത്രത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരുന്ന ആളോ ആയിരിക്കുകയും 58 വയസ്സ് പൂർത്തിയാക്കിയവരും സ്ഥായിയായ അവശത അനുഭവിക്കുകയോ തൊഴിലില്ലാതിരിക്കുകയോ ചെയ്യുന്നതുമായ ആളിന്;" ;

(ii) (ഇ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) കൈത്തറി വ്യവസായത്തിലും യന്ത്രത്തറി വ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്";

(iii) (എഫ്) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) കൈത്തറിത്തൊഴിലാളികൾക്കും യന്ത്രത്തറി തൊഴിലാളികൾക്കും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കൈത്തറിത്തൊഴിലാളികൾക്കും യന്ത്രത്തറി തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സാ സൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസമുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നതിന്".

7. <u>4-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) ഓരോ യന്ത്രത്തറിത്തൊഴിലാളിയും പ്രതിമാസം 10 രൂപയും, സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം 30 രൂപയും നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്."

(2) (3)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഓരോ തൊഴിലുടമയും ഉല്പാദകരും, അവർ ഏർപ്പെടുത്തിയിട്ടുള്ള തൊഴിലാളികൾ അംശദായമായി ഒരുമാസം നൽകേണ്ട തുകയുടെ ഇരട്ടിക്ക് തുല്യമായ തുക ഓരോ മാസവും നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്;

(3) (4)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (1), (1 എ) എന്നീ ഉപവകുപ്പുകൾ പ്രകാരം നിധിയിലേയ്ക്ക് അംശദായമായി നൽകുന്ന തുകയ്ക്ക് തുല്യമായ തുക വർഷംതോറും സർക്കാർ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്."

(4) (4 എ) ഉപവകുപ്പിൽ "(1)-ഉം" എന്ന അക്കത്തിനും ബ്രാക്കറ്റിനും ശേഷം "(1 എ)-ഉം" എന്ന അക്കവും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(5) (6)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) സർക്കാരിന്, പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഉചിതമെന്ന് തോന്നുന്ന പക്ഷം, (4)-ാം ഉപവകുപ്പ് പ്രകാരമുള്ള വിഹിതത്തിന് പുറമേ സർക്കാർ നിശ്ചയിക്കുന്ന ഒരു തുക പ്രത്യേക ഗ്രാൻറായി നിധിയിലേയ്ക്ക് നൽകാവുന്നതാണ്."

8. <u>6-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (1 എ) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് 2021-ലെ കേരള കൈത്തറിത്തൊഴിലാളി

ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, 'കേരള കൈത്തറിത്തൊഴിലാളി യന്ത്രത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്' എന്ന പേരിൽ അറിയപ്പെടുന്നതും നിലവിലുള്ള ബോർഡിന്റെ പിന്തുടർച്ചയായി കണക്കാക്കുന്നതുമാണ്.

(2) (3)-ാം ഉപവകുപ്പിലെ (i), (ii) എന്നീ ഇനങ്ങൾക്ക് പകരം താഴെപറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(i) കൈത്തറിത്തൊഴിലാളികളെയും, യന്ത്രത്തറിത്തൊഴിലാളികളെയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(ii) വ്യാപാരികൾ, തൊഴിലുടമകൾ, ഉല്പാദകർ എന്നിവരുടെ ഇടയിൽ നിന്നുള്ള അഞ്ച് അംഗങ്ങൾ" .

9. <u>11-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ, " കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനിൽ" എന്ന വാക്കുകൾക്ക് പകരം "ഉല്പാദകരിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

10. <u>12-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ, "കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ" എന്ന വാക്കുകൾക്ക് പകരം "ഉല്പാദകരോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ, "കൈത്തറിത്തൊഴിലാളിയോ" എന്ന വാക്കിനുശേഷം "യന്ത്രത്തറിത്തൊഴിലാളിയോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) (4)-ാം ഉപവകുപ്പിൽ, "കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ" എന്ന വാക്കുകൾക്ക് പകരം "ഉല്പാദകരോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. <u>13-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"13. <u>കൈത്തറിത്തൊഴിലാളികളിൽ നിന്നോ, യന്ത്രത്തറിത്തൊഴിലാളികളിൽ നിന്നോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളിൽ നിന്നോ, വ്യാപാരികളിൽ നിന്നോ തൊഴിലുടമകളിൽ നിന്നോ ഉല്പാദകരിൽ നിന്നോ കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.</u>—ഈ ആക്റ്റിന്റെയോ അല്ലെങ്കിൽ, പദ്ധതിയുടേയോ വ്യവസ്ഥകൾ പ്രകാരം കൈത്തറിത്തൊഴിലാളികളിൽ നിന്നോ, യന്ത്രത്തറിത്തൊഴിലാളികളിൽ നിന്നോ, സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളിൽ നിന്നോ, തൊഴിലുടമകളിൽ നിന്നോ, വ്യാപാരികളിൽ നിന്നോ, ഉൽപ്പാദകരിൽ നിന്നോ കിട്ടേണ്ട ഏതെങ്കിലും തുക, ഭൂമിയിന്മേലുള്ള കരകുടിശ്ശികയെന്ന പോലെ അതേ വിധത്തിൽ വസൂലാക്കാവുന്നതാണ്".

12. 14-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ "കൈത്തറി ഉല്പന്നങ്ങളുടെ ഉത്പാദകനോ" "കൈത്തറി ഉല്പന്നങ്ങളുടെ ഉത്പാദകരോ" എന്ന വാക്കുകൾക്ക് പകരം യഥാക്രമം "ഉത്പാദകനോ" "ഉത്പാദകരോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. 15-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിൽ 15-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"15. തൊഴിലുടമ, വേതനം മുതലായവയിൽ കുറവ് വരുത്തുവാൻ പാടില്ലെന്ന്.—നിധിയിലേയ്ക്കുള്ള അംശദായം നൽകാനുള്ള ബാദ്ധ്യതയുടെ മാത്രം പേരിൽ തൊഴിലുടമയോ വ്യാപാരിയോ ഉല്പാദകരോ ഈ പദ്ധതി ബാധകമാകുന്ന ഏതെങ്കിലും കൈത്തറി തൊഴിലാളിയുടെയോ യന്ത്രത്തറി തൊഴിലാളിയുടെയോ വേതനമോ, പ്രകടമായോ വ്യംഗ്യമായോ ഉള്ള നിയമന വ്യവസ്ഥകൾ അനുസരിച്ച് കൈത്തറിത്തൊഴിലാളികൾക്കോ യന്ത്രത്തറിത്തൊഴിലാളികൾക്കോ അവകാശപ്പെട്ട മൊത്തം ആനുകൂല്യങ്ങളോ, പ്രത്യക്ഷമായോ പരോക്ഷമായോ കുറയ്ക്കുവാൻ പാടില്ലാത്തതാകുന്നു."

14. പട്ടികയുടെ ഭേദഗതി.—പട്ടികയിൽ,—

(i) 1-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത് :—

"1. കൈത്തറിത്തൊഴിലാളികൾ യന്ത്രത്തറിത്തൊഴിലാളികൾ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ, തൊഴിലുടമകൾ, ഉല്പാദകർ എന്നിവരുടെ രജിസ്ട്രേഷൻ."

(ii) 2-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"2. കൈത്തറിത്തൊഴിലാളികൾ യന്ത്രത്തറിത്തൊഴിലാളികൾ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, തൊഴിലുടമകൾ വ്യാപാരികൾ, ഉൽപാദകർ എന്നിവർ നിധിയിലേയ്ക്ക് ഏത് സമയത്ത് ഏത് രീതിയിൽ അംശദായം നൽകണമെന്നും, കൈത്തറിത്തൊഴിലാളിയോ, യന്ത്രത്തറിത്തൊഴിലാളിയോ, സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളോ 4-ാം വകുപ്പ് പ്രകാരം നൽകേണ്ട അംശദായം വസൂലാക്കേണ്ട രീതിയും".

(iii) 3-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"3. കൈത്തറിത്തൊഴിലാളികളുടെയും, യന്ത്രത്തറിത്തൊഴിലാളികളുടെയും അംശദായം വിവിധ മേഖലകളിൽ നിന്നും തൊഴിലുടമകൾ വസൂലാക്കേണ്ട രീതി".

(iv) 9-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"9. കൈത്തറിത്തൊഴിലാളികളെയും യന്ത്രത്തറി ത്തൊഴിലാളികളെയും സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും തൊഴിലുടമകൾ നൽകേണ്ട റിട്ടേണുകളും" .

(v) 14-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"14 കൈത്തറിത്തൊഴിലാളികളുടെയോ യന്ത്രത്തറി ത്തൊഴിലാളികളുടേയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെയോ, അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾക്കും കൈത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുകൊണ്ടുള്ളതാണ് 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ്. യന്ത്രത്തറിത്തൊഴിലാളികളെയും യന്ത്രത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളെയും പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവന്ന് നിലവിൽ കൈത്തറിത്തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ യന്ത്രത്തറി ത്തൊഴിലാളികൾക്ക് കൂടി ലഭ്യമാക്കുവാൻ സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

2021-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബിൽ പ്രകാരം 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 4-ാം വകുപ്പിൽ (1 എ) എന്ന പുതിയ ഉപവകുപ്പ് കൂട്ടി ചേർത്ത് ഓരോ യന്ത്രത്തറിത്തൊഴിലാളിയും പ്രതിമാസം പത്ത് രൂപയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം മുപ്പത് രൂപയും നിധിയിലേയ്ക്ക് അംശദായം നൽകണമെന്നും 4-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് കൈത്തറിത്തൊഴിലാളിയും യന്ത്രത്തറി തൊഴിലാളിയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഒരു വർഷം നിധിയിലേയ്ക്ക് അടയ്ക്കുന്ന തുകയുടെ തുല്യമായ തുക ഓരോ വർഷവും സർക്കാർ നിധിയിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ഉദ്ദേശം രണ്ട് ലക്ഷത്തി നാൽപ്പതിനായിരം രൂപ ആവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും അനാവർത്തക ചെലവൊന്നും പ്രതീക്ഷിക്കുന്നില്ല.

 റ്റി. പി. രാമകൃഷ്ണൻ.

## 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1989-ലെ 2) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

## 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1989-ലെ 2-ാം ആക്റ്റ്)

കേരള സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾക്കും കൈത്തറി വ്യവസായ
ത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും ആശ്വാസം
നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും
പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി
രൂപീകരിക്കുന്നതിനായി വ്യവസ്ഥ
ചെയ്യുന്ന ഒരു ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾക്കും കൈത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതിന് ആനുഷംഗികമായ മറ്റു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ,

** ** ** **

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് എന്നു പേർ പറയാം.

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്"എന്നതിന്, 6-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(ഡി) "വ്യാപാരി" എന്നതിന്, നൂലോ കൈത്തറിത്തുണിയോ മറ്റേതെങ്കിലും കൈത്തറി ഉല്പന്നമോ വാങ്ങുകയോ വില്ക്കുകയോ അല്ലെങ്കിൽ വില്ക്കുന്നതിനുവേണ്ടി ശേഖരിച്ചു വയ്ക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു.

** ** ** **

(എഫ്) "തൊഴിലുടമ" എന്നതിന് തനിക്കുവേണ്ടിയോ മറ്റേതെങ്കിലും ആൾക്കു വേണ്ടിയോ കൈത്തറി വ്യവസായത്തിലെ വിവിധ പ്രക്രിയകളോടനുബന്ധിച്ചുള്ള ഏതെങ്കിലും ജോലിചെയ്യുന്നതിനുവേണ്ടി ഒന്നോ അതിലധികമോ കൈത്തറിത്തൊഴിലാളികളെ നേരിട്ട് നിയമിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ജി) "കുടുംബം" എന്നതിന് കൈത്തറി തൊഴിലാളിയുടേയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുടേയോ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കളും അവിവാഹിതരായ പെൺമക്കളും കൈത്തറി തൊഴിലാളിയേയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ട ആളെയോ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും എന്നർത്ഥമാകുന്നു;

(എച്ച്) "നിധി" എന്നതിന് 3-ാം വകുപ്പുപ്രകാരവും പദ്ധതി പ്രകാരവും രൂപീകരിക്കപ്പെട്ട കൈത്തറിത്തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഐ) "കൈത്തറി ഉല്പന്നങ്ങൾ" എന്നതിന് പരുത്തിനൂല്, പോളിസ്റ്റർ നൂല്, സിൽക്കു നൂല് അല്ലെങ്കിൽ മറ്റേതെങ്കിലും സമ്മിശ്ര നൂല് എന്നിവയിൽ നിന്ന് കൈത്തറിയിൽ നെയ്തിട്ടുള്ള എല്ലാ തരത്തിലുമുള്ള തുണികൾ എന്നർത്ഥമാകുന്നു;

** ** ** **

(എൽ) "ആൾ" എന്നതിൽ ഒരു കമ്പനി, ഒരു ഫേം, വ്യക്തികളുടെ ഒരു സമാജം അല്ലെങ്കിൽ 1969-ലെ കേരള സഹകരണസംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണസംഘം എന്നിവ ഉൾപ്പെടുന്നു;

** ** ** **

(എൻ) "കൈത്തറി വ്യവസായത്തിലെ പ്രക്രിയകൾ" എന്നതിന് താരുചുറ്റൽ, പാവോട്ടം, പശപിടിപ്പിക്കൽ, നെയ്ത്ത് എന്നിവയും ഞെരുടി ചേർക്കൽ, ചായം പിടിപ്പിക്കൽ എന്നിവപോലെയുള്ള മറ്റു ജോലികളും എന്ന് അർത്ഥമാകുന്നു;

(ഒ) "കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകൻ" എന്നതിന് കയറ്റുമതിക്കോ ആഭ്യന്തര ഉപഭോഗത്തിനോവേണ്ടി കൈത്തറി ഉല്പന്നങ്ങൾ സംസ്കരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

** ** ** **

(ആർ) "സ്വന്തമായി തൊഴിലിലേർപ്പെട്ട ആൾ" എന്നതിന് യഥാർത്ഥത്തിൽ കൈത്തറിയിൽ നെയ്തെടുക്കുന്ന തുണിയുടെ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നതും അതിൽ തന്റെ ഉപജീവനത്തിനുവേണ്ടി പ്രധാനമായും കൈത്തറിവ്യവസായത്തെ ആശ്രയിക്കുന്നവരായ താരുചുറ്റുന്ന ആൾ, പാവുചുറ്റുന്ന ആൾ, പശ പിടിപ്പിക്കുന്ന ആൾ, ഞെരടിച്ചേർക്കൽ, ചായം പിടിപ്പിക്കൽ എന്നിവ പോലുള്ള ജോലികൾ ചെയ്യുന്ന മറ്റേതെങ്കിലും ആൾ എന്നിവർ ഉൾപ്പെടുന്നതും എന്നാൽ രണ്ടിലധികം തറികളുടെ ഉടമ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(എസ്) "നൂല്" എന്നതിന് പരുത്തിനൂല്, സിൽക്ക് നൂല്, പോളിസ്റ്റർ നാര് അല്ലെങ്കിൽ കൈത്തറി വ്യവസായത്തിൽ നെയ്ത്തിന് ഉപയോഗിക്കാവുന്ന മറ്റ് ഏതെങ്കിലും സമ്മിശ്രനാര് എന്നർത്ഥമാകുന്നു.

** ** ** **

3. <u>കൈത്തറിത്തൊഴിലാളി ക്ഷേമനിധി പദ്ധതി</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, കൈത്തറിത്തൊഴിലാളികളുടെയും കൈത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ക്ഷേമത്തിനായി ഈ ആക്റ്റിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി "കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കാവുന്നതും പദ്ധതി തയ്യാറാക്കിയശേഷം, കഴിയുന്നത്ര വേഗം, ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതും ആണ്.

** ** ** **

4. നിധി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്,—

(എ) താഴെപ്പറയുന്നവർക്ക് പെൻഷൻ നൽകുന്നതിന്,—

(i) ശാരീരികമായ വൈകല്യത്താൽ ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അൻപതെട്ട് വയസ്സ് പൂർത്തിയാവുകയോ ചെയ്യു ഒരംഗത്തിന്;

(ii) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഒരു കൈത്തറിത്തൊഴിലാളിയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടയാളോ ആയിരുന്നിരിക്കുകയും അൻപതെട്ട് വയസ്സ് കഴിഞ്ഞിരിക്കുകയും സ്ഥായിയായ അവശത അനുഭവിക്കുകയോ തൊഴിലില്ലാതിരിക്കുകയോ ചെയ്യുന്നതുമായ ആളിന്;

** ** ** **

(ഇ) കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്;

(എഫ്) കൈത്തറിത്തൊഴിലാളികൾക്കും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അവരുടെ കുടുംബാഗങ്ങൾക്കും ചികിൽസാ സൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസമുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നതിന്;

** ** ** **

4. <u>നിധിയിലേക്കുള്ള അംശദായം</u>.—

(1) ഓരോ കൈത്തറിത്തൊഴിലാളിയും പ്രതിമാസം പത്ത് രൂപ വീതവും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം മുപ്പത് രൂപ വീതവും നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്.

** ** ** **

(3) ഓരോ തൊഴിലുടമയും, സഹകരണ സംഘം ഉൾപ്പെടെയുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരും അവർ ഏർപ്പെടുത്തിയിട്ടുള്ള കൈത്തറിത്തൊഴിലാളികൾ അംശദായമായി ഒരു വർഷം നൽകിയ തുകയുടെ ഇരട്ടിത്തുക ഓരോ വർഷവും നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്.

(4) കൈത്തറിത്തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകളും വർഷം തോറും നിധിയിലേയ്ക്ക് അംശദായമായി നൽകുന്ന തുകയ്ക്ക് തുല്യമായ തുക വർഷംതോറും, സർക്കാർ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്.

(4 എ) (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന്, ഈ ഭേദഗതി ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ ഓരോ വർഷം കഴിയുമ്പോഴും, ഗസറ്റ് വിജ്ഞാപനം മൂലം, പ്രസ്തുത ഉപവകുപ്പുകളിൽ പറഞ്ഞിരിക്കുന്ന അംശദായ നിരക്കുകൾ പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന ചെലവുകൾ കണക്കിലെടുത്ത് പുനർ നിർണ്ണയിക്കാവുന്നതും അതിനുശേഷം ഓരോ കൈത്തറിത്തൊഴിലാളിയും, സ്വന്തമായി തൊഴിലേർപ്പെട്ടിരിക്കുന്ന ഓരോ ആളും, ഓരോ വ്യാപാരിയും, ഓരോ തൊഴിലുടമയും, സഹകരണ സംഘം ഉൾപ്പെടെയുള്ള കൈത്തറി ഉല്പന്നങ്ങളുടെ ഓരോ ഉൽപ്പാദകരും അപ്രകാരം പുനർനിർണ്ണയിക്കപ്പെട്ട നിരക്കിൽ അംശദായം നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

** ** ** **

(6) ഈ ആക്റ്റുപ്രകാരം നൽകേണ്ടതായ അംശദായത്തുക ഒരു രൂപയുടെ ഭിന്നിതമായി വരുന്നിടത്ത് അതിന്റെ തൊട്ടടുത്ത രൂപയായി അങ്ങനെയുള്ള ഭിന്നിതത്തെ ക്രമപ്പെടുത്താൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

** ** ** **

6. <u>ബോർഡിന്റെ രൂപീകരണം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി അതിൽ പ്രത്യേകം പറയാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി നിധിയുടെ നടത്തിപ്പിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനോ അവ നിർവ്വഹിക്കുന്നതിനോ വേണ്ടിയും 'കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്' എന്നു പറയുന്ന ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

** ** ** **

(3) ബോർഡിനുൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(i) കൈത്തറിത്തൊഴിലാളികളേയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ,

(ii) വ്യാപാരികൾ, തൊഴിലുടമകൾ, കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകർ എന്നിവരുടെ ഇടയിൽനിന്നുള്ള അഞ്ച് അംഗങ്ങൾ;

** ** ** **

11. <u>കിട്ടേണ്ട തുക തീരുമാനിക്കൽ.</u>—(1) ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ അഥവാ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന ഡെപ്യൂട്ടി ലേബർ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും 4-ാം വകുപ്പ് പ്രകാരം അംശദായം നല്കാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയാൻ അവസരം നല്കിയതിനുശേഷവും, ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾപ്രകാരം ഓരോ തൊഴിലുടമയിൽ നിന്നോ വ്യാപാരിയിൽ നിന്നോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനിൽ നിന്നോ കിട്ടേണ്ട തുക, ഉത്തരവുമൂലം തീരുമാനിക്കാവുന്നതാണ്.

** ** ** **

12. <u>അംശദായത്തിന്റെ താല്ക്കാലികമായ തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും.</u>—(1) 4-ാം വകുപ്പ്പ്രകാരം അംശദായം നല്കാൻ ബാദ്ധ്യതയുള്ള തൊഴിലുടമയോ വ്യാപാരിയോ അല്ലെങ്കിൽ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ കൊടുക്കാനുള്ള തുക, 11-ാം വകുപ്പ്പ്രകാരം തീരുമാനിക്കുന്നതുവരെ പ്രസ്തുത വകുപ്പ്പ്രകാരം ഏറ്റവും ഒടുവിൽ തീരുമാനിച്ചതനുസരിച്ച് അയാൾ ഒരു വർഷം കൊടുക്കേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ ഒരു തുക ഓരോ മാസവും 5-ാം തീയതിയോ അതിന് മുൻപോ നൽകേണ്ടതാണ്.

(2) ഒരു കൈത്തറിത്തൊഴിലാളിയോ സ്വന്തമായി തൊഴിലിൽ ഏർപ്പെടുത്തിയിട്ടുള്ള ആളോ ഒരു മാസം കൊടുക്കേണ്ടതായ അംശദായം തൊട്ടടുത്ത മാസത്തെ 5-ാം തീയതിയോ അതിനുമുൻപോ നല്കേണ്ടതാണ്.

** ** ** **

(4) (1)-ാം ഉപവകുപ്പ്പ്രകാരം ഒരു തൊഴിലുടമയോ, വ്യാപാരിയോ, കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ ഒരു വർഷത്തേയ്ക്ക് നൽകിയ തുക ആ വർഷത്തേയ്ക്ക് 11-ാം വകുപ്പ്പ്രകാരം തീരുമാനിച്ച തുകയിൽ തട്ടിക്കിഴിക്കേണ്ടതാണ്

13. കൈത്തറിത്തൊഴിലാളികളിൽനിന്നോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളിൽനിന്നോ തൊഴിലുടമകളിൽനിന്നോ വ്യാപാരികളിൽ നിന്നോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകരിൽനിന്നോ കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.—ഈ ആക്റ്റിന്റേയോ അല്ലെങ്കിൽ പദ്ധതിയുടെയോ വ്യവസ്ഥകൾപ്രകാരം കൈത്തറിത്തൊഴിലാളികളിൽനിന്നോ സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ള ആളുകളിൽനിന്നോ, തൊഴിലുടമകളിൽനിന്നോ, വ്യാപാരികളിൽനിന്നോ, കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകരിൽനിന്നോ കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ, ഭൂമിയിൻ മേലുള്ള കര കുടിശ്ശികയെന്നപോലെ അതേ വിധത്തിൽ വസൂലാക്കാവുന്നതാണ്.

14. മറ്റു കടങ്ങളേക്കാൾ അംശദായം നല്കുന്നതിന് മുൻഗണന.—4-ാം വകുപ്പു പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായിട്ടുള്ള ഏതെങ്കിലും തൊഴിലുടമയോ വ്യാപാരിയോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ പാപ്പരാണെന്ന് വിധിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ അല്ലെങ്കിൽ തൊഴിലുടമയോ വ്യാപാരിയോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ ഒരു കമ്പനിയായിരിക്കുകയും അത് വൈൻഡ്-അപ് ചെയ്യുന്നത് സംബന്ധിച്ച് ഉള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിരിക്കുകയും ചെയ്യുന്ന സംഗതിയിൽ ഈ ആക്റ്റോ പദ്ധതിയോ അനുസരിച്ച് തൊഴിലുടമയിൽ നിന്നോ വ്യാപാരിയിൽ നിന്നോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകരിൽ നിന്നോ കിട്ടാനുള്ള തുക സംബന്ധിച്ച ബാദ്ധ്യത പാപ്പരായി വിധിക്കപ്പെട്ടതു സംബന്ധിച്ചോ വൈൻഡ്-അപ് ചെയ്യുന്നതു സംബന്ധിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ഉണ്ടായിട്ടുള്ളതാണെങ്കിൽ, 1955-ലെ ഇൻസോൾവൻസി ആക്റ്റ് (1956-ലെ 2) 64-ാം വകുപ്പു പ്രകാരമോ അഥവാ 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 530-ാം വകുപ്പു പ്രകാരമോ, അതതുസംഗതിപോലെ, പാപ്പരായ ആളിന്റെ വസ്തുവകകളോ അഥവാ വൈൻഡ്-അപ് ചെയ്യപ്പെടുന്ന കമ്പനിയുടെ ആസ്തികളോ വീതിച്ചു കൊടുക്കുമ്പോൾ മറ്റെല്ലാ കടങ്ങൾക്കും മേൽ മുൻഗണന നൽകി കൊടുത്തു തീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതാകുന്നു.

15. തൊഴിലുടമ വേതനം മുതലായവ കുറയ്ക്കുവാൻ പാടില്ലെന്ന്.—നിധിയിലേക്കുള്ള അംശദായം നൽകാനുള്ള ബാദ്ധ്യതയുടെ മാത്രം പേരിൽ തൊഴിലുടമയോ, വ്യാപാരിയോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ ഈ പദ്ധതി ബാധകമാകുന്ന ഏതെങ്കിലും കൈത്തറിത്തൊഴിലാളിയുടെ വേതനമോ പ്രകടമായോ വ്യംഗ്യമായോ ഉള്ള നിയമന വ്യവസ്ഥകൾ അനുസരിച്ച് കൈത്തറിത്തൊഴിലാളികൾക്ക് അവകാശപ്പെട്ട മൊത്ത ആനുകൂല്യങ്ങളോ പ്രത്യക്ഷമായോ പരോക്ഷമായോ കുറയ്ക്കാൻ പാടില്ലാത്തതാകുന്നു.

** ** ** **

## പട്ടിക

(3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് കാണുക)

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. കൈത്തറിത്തൊഴിലാളികൾ, സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ളവർ, തൊഴിലുടമകൾ, വ്യാപാരികൾ, കൈത്തറി ഉല്പന്നങ്ങളുടെ ഉൽപ്പാദകർ എന്നിവരുടെ രജിസ്ട്രേഷൻ

2. കൈത്തറിത്തൊഴിലാളികൾ, സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ളവർ, തൊഴിലുടമകൾ, വ്യാപാരികൾ, കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകർ എന്നിവർ നിധിയിലേയ്ക്ക് ഏതു സമയത്ത് ഏതു രീതിയിൽ അംശദായം നൽകണമെന്നും കൈത്തറിത്തൊഴിലാളിയോ, സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ളവരോ 4-ാം വകുപ്പു പ്രകാരം നൽകേണ്ട അംശദായം വസൂലാക്കേണ്ട രീതിയും

3. കൈത്തറിത്തൊഴിലാളികളുടെ അംശദായം വിവിധ മേഖലകളിൽ നിന്ന് തൊഴിലുടമകൾ വസൂലാക്കേണ്ട രീതിയിൽ

** ** ** **

9. കൈത്തറിത്തൊഴിലാളികളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും തൊഴിലുടമകൾ നൽകേണ്ട റിട്ടേണുകളും

** ** ** **

14. കൈത്തറിത്തൊഴിലാളികളുടേയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെയോ അവരുടെ ആശ്രിതരുടേയോ ക്ഷേമത്തിനുവേണ്ട ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

** ** ** **

---